# Malayala Manorma

## 18 June 2018

## Kakkanad: Monsoon season , Heavy rain, 3.9 cores crops damage



# കാലവർഷക്കെടുതി: ജില്ലയിൽ 3.9 കോടിയുടെ കൃഷി നാശം

കാക്കനാട് • കാലവർഷക്കെടുതിയിൽ 3,90,75,550 രൂപയുടെ കൃഷിനാശം സംഭവിച്ചതായി കൃഷി വകുപ്പിന്റെ പ്രാഥമിക റിപ്പോർട്ട്.

ഏത്തവാഴ കൃഷിയാണു കൂടുതലും നശിച്ചത്. 1,91,535 കുലച്ച വാഴകളും 48,635 കുലയ്ക്കാത്ത വാഴകളും കാറ്റിൽ മറിഞ്ഞു. 20,145 ടാപ് ചെയ്യുന്ന റബർ മരങ്ങളും 7,710 ടാപ്പ് ചെയ്യാത്തവയും നശിച്ചു. 3,388 കായ്ക്കുന്ന അടയ്ക്കാമരങ്ങളും 250 കായ്ക്കാത്തവയും മറിഞ്ഞു. 1,737 തെങ്ങുകൾ നശിച്ചിട്ടുണ്ട്. 12 ഹെക്ടറിലെ പച്ചക്കറികൃഷിയും ഏഴ് ഹെക്ടറിലെ നെല്ലും 29 ഹെക്ടറി മരച്ചീനിയും വെള്ളത്തിൽ മുങ്ങി.

മഴ തുടരുന്നതിനാൽ നഷ്ടം പെരുകുമെന്നാണു കൃഷി വകുപ്പിന്റെ വിലയിരുത്തൽ. ജില്ലയിലെ കിഴക്കൻ മേഖലകളിലാണു കൃഷി നഷ്ടം കൂടുതൽ. കാലവർഷം തുടങ്ങും മുൻപു വേനൽമഴയിലും കോടികളുടെ കൃഷി നശിക്കുകയുണ്ടായി. വിശദമായ കണക്ക് ശേഖരിച്ചു സർക്കാരിനു സമർപ്പിക്കുമെന്ന് അധികൃതർ പറഞ്ഞു. നഷ്ടപരിഹാരം ഉൾപ്പെടെയുള്ള കാര്യങ്ങൾ പിന്നീടു തീരുമാനിക്കും. കൃഷിഭവനുകളിൽ നിന്നുള്ള പ്രാഥമിക കണക്കിന്റെ അടിസ്ഥാനത്തിലാണു നഷ്ടം കണക്കാക്കിയത്.

കൃഷിനാശം നേരിട്ട കർഷകർ വ്യക്തിഗത അപേക്ഷകൾ കൃഷിഭവനുകളിൽ സമർപ്പിക്കുന്നുണ്ട്. ഇതു പൂർത്തിയായാലേ നഷ്ടത്തിന്റെ യഥാർഥ കണക്ക് തിട്ടപ്പെടുത്താനാകൂ. ഇൻഷുറൻസ് പരിരക്ഷയുള്ള കർഷകർക്ക് ആ വഴിക്കു നഷ്ടപരിഹാരത്തിനു നടപടിയെടുക്കും. ഇൻഷുറൻസില്ലാത്ത കർഷകർക്കു സർക്കാർ നഷ്ടപരിഹാരം ലഭ്യമാക്കാനാണു ശ്രമം. വിശദമായ കണക്കെടുപ്പിനു ശേഷം ആവശ്യമായ തുക സർക്കാരിനോടു ചോദിക്കും.